
www.malankaralibrary.com



# ചാവറനാദം

മാന്നാനം വി. ചാവറ തീർത്ഥാടന കേന്ദ്രത്തിന്റെ മുഖപത്രം

Volume. 2

January 2020

# അഴകുള്ള ആത്മാവ് വിശുദ്ധ ചാവറയച്ചൻ



ഫാ. ആന്റണി ഞള്ളംപുഴ
സി.എം.ഐ.

> ജൂബിലികൾ ഓർക്കാനും സ്തുതിക്കാനുമുള്ള അവസരങ്ങളാണ്. കടന്നുവന്ന വഴികൾ ഓർക്കാൻ ദൈവപരിപാലന ഓർത്ത് സ്തുതിക്കാൻ ദൈവം ഒരുക്കുന്ന ഓർമ്മകളുടെ ഉത്സവം. അതെ മരണമില്ലാത്ത സ്മരണയാണ് ജൂബിലികൾ. 2019 നമ്മോട് വിടവാങ്ങുന്നു 2020 നമ്മെ വരവേൽക്കുന്നു. ഒരു പിരിയലും ഒരു പിറവിയും. ഒപ്പം മാന്നാനത്തുവിരിഞ്ഞ പുഷ്പമായ കേരളകർമ്മലകുസുമമായ വിശുദ്ധ ചാവറപിതാവ് സ്വർഗ്ഗപ്രാപ്തനായിട്ട് 150 വർഷവും. കേരളസഭയ്ക്കും സി.എം.ഐ. സന്യാസസഭയ്ക്കും ഇത് ഏറെ ഓർമ്മകളുടെ ഒരു ജൂബിലിയാണ്. 19-ാം നൂറ്റാണ്ടിലെ കേരളത്തിലെ നവോത്ഥാന നായകന്മാരുടെ ശൃംഗലയിലെ ആദ്യകണ്ണിയും വിശുദ്ധനായ ചാവറയച്ചനായിരുന്നു. എന്നുള്ളതും മറക്കാതിരിക്കാം. ജനനം എന്ന മൂന്നക്ഷരത്തിനും മരണം എന്ന മൂന്നക്ഷരത്തിനും ഇടയിലുള്ള ജീവിതമെന്ന മൂന്നക്ഷരം ചാവറതാതൻ ഏറെ മനോഹരമാക്കി. ഈ ജൂബിലിവർഷം ഈ പുണ്യപിതാവിന്റെ അഴകാർന്ന ജീവിതം ഓർത്തെടുക്കുക എന്തുകൊണ്ടും പ്രചോദനകരമാകും.

'ആത്മാവ് ശരീരത്തേക്കാൾ ഏറെ അഴകുള്ളതാണ്.'

'അഴകുള്ള ആത്മാവ് ' എന്നത് വിശുദ്ധ ചാവറപിതാവിനുള്ള ഒരു വിശേഷണമാണ് ഏറെ വിശേഷമായ ഒരു വിശേഷണം. വിശുദ്ധനായ ചാവറപിതാവിന് ചരിത്രം ചാർത്തിക്കൊടുത്ത നിരവധി വിശേഷണങ്ങളിൽ ഒരു വിശേഷണം. 'മാന്നാനത്തുവിരിഞ്ഞ പുഷ്പം', 'പരിശുദ്ധാത്മാവ് നിറഞ്ഞവൻ', 'അനഭിഷിക്തനായ മെത്രാൻ', 'മലയാളത്തിന്റെ കൊടി', 'പ്രസംഗപീഠത്തിലെ സിംഹം' 'ദൈവിക മനുഷ്യൻ', 'ഞാൻ എന്ന പദമില്ലാഭാഷ', 'ജ്ഞാനസൂര്യൻ', 'കേരളസഭയിലെ നോഹിന്റെ പെട്ടകം'.....ഇങ്ങനെ നീണ്ടുപോകുന്ന വിശേഷണനിര ചാവറപിതാവിനുണ്ട്.

ചാവറപിതാവിനെ അടക്കം ചെയ്തപ്പോൾ ഒരു ഈയത്തകിടിൽ (Metal Sheet)ഈ പുണ്യപുരുഷന്റെ ഒരു ചെറിയ ചരിത്രം മുദ്ര ചെയ്ത് ആ പേടകത്തിൽ വച്ചിരുന്നു. ഈയത്തകിടിൽ എഴുതി നിക്ഷേപിച്ച ആ ഫലകത്തിലെ ചാവറപിതാവിന്റെ ജീവചരിത്രം ഇപ്രകാരമാണ്.

'ഈ കബറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാ മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കർമ്മെലീത്താ സഭയുടെ അടിസ്ഥാനക്കാരനും പ്രിയോരുമായ ഇദ്ദേഹം 1805-ാം കാലം പിറന്നു. 1831 ൽ മാന്നാനത്ത് കൊവേന്തയിൽകൂടി. 1855 ൽ വ്രതം ചെയ്ത് ഒന്നാമത്തെ പ്രിയോരായി. റോക്കോസ് ശീശ്മയുടെ കാലത്ത് സുറിയാനി പള്ളികളുടെ വികാരി ജനറാൾ എന്ന നിലയിൽ ആത്മാക്കളുടെ രക്ഷയ്ക്കായി നിരവധി പ്രതിസന്ധികളെ നേരിട്ടു. 1871-ാം കാലം മകരമാസം മൂന്നാംതിയതി കാലത്ത് ഏഴരമണിക്ക് കൂനമ്മാവ് കൊവേന്തയിൽ തങ്ങളുടെ മക്കളുടെ കണ്ണുനീരിന്റെ ഇടയിൽ കൂദാശകളൊക്കെയും വിശേഷഭക്തിയോടെ സ്വീകരിച്ച് അസാധാരണമായ ദൈവഭക്തിയോടെ തന്റെ അഴകുള്ള ആത്മാവിനെ താൻ ജീവിതകാലം മുഴുവൻ സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കുകയും ചെയ്തു..

ചാവറപിതാവിന്റെ ചെറുതും മനോഹരവുമായ ആദ്യ ജീവചരിത്രമാണ് ഇത്. ഈ ചരിത്രം ഈയത്തകിടിൽ കോറിയിട്ടത് ചാവറപിതാവിന്റെ പിൻഗാമിയായി വന്ന സി.എം.ഐ. സഭയുടെ രണ്ടാമത്തെ പ്രിയോർ ജനറാളായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലിശാച്ചനായിരുന്നു. സി.എം.ഐ. സന്യാസസഭാസ്ഥാപകരിൽ ഒരുവനായ ബഹു. ബഹു. തോമസ് പോരൂക്കരയച്ചന്റെ ഇളയസഹോദരനായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിന്റെ പേരും ഒപ്പും ഈ ഫലകത്തിലുണ്ട്. ചരിത്രം ഉറങ്ങുന്ന ഈ ഫലകത്തിലെ ചാവറപിതാവിനുള്ള അർത്ഥവത്തായ വിശേഷണമാണ് അഴകുള്ള ആത്മാവ് എന്നത്.

ചാവറപിതാവിന്റെ അഴക് യഥാർത്ഥത്തിൽ ആത്മീയ അഴകായിരുന്നു. ചാവറപിതാവിന്റെ മരണവാർത്ത സി.എം.ഐ. സഭയുടെ എൽത്തുരുത്ത് ആശ്രമത്തിലെ ഡയറിയിൽ അന്ന് കുറിച്ചിട്ടിരിക്കുന്നത് ഇപ്രകാരമാണ്. അദ്ദേഹം തന്റെ മാണിക്യമായ ആയുസിനെ തമ്പുരാന് കയ്യാളിച്ചു.

ചാവറപിതാവിന്റെ മിത്രമായിരുന്ന മാർ ത്തോമ്മാ സഭാമെത്രാൻ മാർ അത്തനാതിയൂസിസിന്റെ പ്രവചനവും ശ്രദ്ധേയമാണ് ഈ നാട്ടിൽ വല്ല ചാവറയോ മറ്റോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത്. അയാളുടെ തുകൽ വാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്തുവാൻ നോക്കും.

ചാവറപിതാവിന്റെ ആത്മീയ പിതാവായിരുന്ന വിദേശകർമ്മെലീത്താ മിഷനറി ലെയോപ്പോൾദ് ചാവറപിതാവ് നിര്യാതനായ ദിവസം എഴുതിയ കുറിപ്പ് അവസാനിപ്പിച്ചിരിക്കുന്നത് ചാവറപിതാവിനോടുള്ള മനോഹരമായ ഒരു പ്രാർത്ഥനയോട് കൂടിയാണ്. അത് ഇപ്രകാരമാണ്. ഓ പരിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

ചാവറപിതാവിൽ വിളങ്ങിയിരുന്ന ഭക്തിയും മുഖത്ത് കാണപ്പെട്ട പ്രകാശവും ഏവരെയും ആകർഷിച്ചിരുന്നു. തന്റെ മുഖശോഭയുടെ രഹസ്യം അകശോഭയാണെന്നും മുഖപ്രസാദത്തിന്റെ രഹസ്യം വരപ്രസാദമാണെന്നും വിശുദ്ധ ചാവറപിതാവ് ഇന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ചാവറപിതാവിന്റെ അന്തിമമൊഴികളിൽ നിന്നും ഈ വിശുദ്ധ ജീവിതത്തിന്റെ പരസ്യമായ രഹസ്യം നമുക്ക് കണ്ടെത്തുവാൻ കഴിയും.

മരിക്കുന്നതിന് മുമ്പ് ചാവറപിതാവ് തനിക്ക് ചുറ്റും നിന്ന സഹസന്യാസികളോട് പറഞ്ഞു".' മാമ്മോദീസായിൽ എനിക്കു ലഭിച്ച വരപ്രസാദം നഷ്ടമാക്കാൻ എനിക്ക് ഈ നിമിഷം വരെ ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്'. അഭിഷേക നിറവിൽ അവസാന നിമിഷം വരെ ജീവിച്ച അഭിഷിക്തനായിരുന്നു വി. ചാവറപിതാവ്. ചുണ്ടുകളിൽ ദൈവത്തിന്റെ പ്രസാദവും മിഴികളിൽ ദൈവത്തിന്റെ പ്രകാശവുമായി ജീവിച്ചു 'ഈ അഴകുള്ള ആത്മാവ്'

'വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും' (ജ്ഞാനം 6/10)

■

# വിശുദ്ധന്മാർ നമുക്കായി പ്രാർത്ഥിക്കുമ്പോൾ



ഫാ. ജോസഫ് ഈന്തംകുഴി
സി.എം.ഐ.

സുഭാഷിതം 10/7 നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹപ്രദമാണ്. അനുദിനപ്രാർത്ഥനയിലും നിത്യജീവിതത്തിലും വിശുദ്ധന്മാരോട് പ്രാർത്ഥിക്കുന്നത്, അവരുടെ സഹായവും മാദ്ധ്യസ്ഥവും തേടുന്നത് നമ്മുടെ ആത്മീയ ജീവിതത്തെ കൂടുതൽ ഉണർവ്വുള്ളതാക്കുന്നു. ചിലരെങ്കിലും വിശുദ്ധന്മാരോട് പ്രാർത്ഥിക്കുന്നത് കൊണ്ട് എന്തെങ്കിലും ഉപകാരമുണ്ടോ എന്ന് സംശയിക്കാറുണ്ട്. ഉപകാരമുണ്ട് എന്ന് തീർത്തു പറയാൻ സാധിക്കും. നമ്മുടെ പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും ഭാഗമാണ് വിശുദ്ധരോട് മാദ്ധ്യസ്ഥം തേടുക എന്നത്. കത്തോലിക്കാസഭയുടെ അടിസ്ഥാന പ്രബോധനമായ വിശ്വാസപ്രമാണത്തിൽ നമ്മൾ ഏറ്റുചൊല്ലുന്ന ഒരു കാര്യമാണ് പുണ്യവാന്മാരുടെ ഐക്യത്തിൽ വിശ്വസിക്കുന്നു എന്നത്. പുണ്യവാന്മാരുടെ ഐക്യം എന്നത് വിശുദ്ധന്മാരുടെ കൂട്ടായ്മയാണ്. ഈ ലോകത്തിൽ വിശ്വാസം വീരോചിതമായി ജീവിച്ച് മരിച്ച് സ്വർഗ്ഗത്തിലെത്തി എന്ന് സഭ ഒദ്യോഗികമായി അംഗീകരിക്കുന്ന വ്യക്തികളെയാണ് വിശുദ്ധരുടെ ഗണത്തിൽ ചേർത്തിരിക്കുന്നത്. വിശുദ്ധ ഫ്രാൻസീസ് സേവ്യറും പാദുവായിലെ അന്തോനീസും പാദ്രേപിയോയുമൊക്കെ ജീവിച്ചിരുന്നപ്പോഴും മരിച്ചുകഴിഞ്ഞപ്പോഴും ചെയ്ത അത്ഭുതങ്ങൾ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. നമ്മുടെ കുഞ്ഞുങ്ങളെ വിശുദ്ധരോടുള്ള വിശ്വാസത്തിൽ വളർത്തുന്നത് യേശുവിന്റെ സ്നേഹത്തിലേക്ക് അവരെ കൂടുതൽ എളുപ്പത്തിൽ എത്തിക്കാൻ സാധിക്കും കാരണം ഇവരെല്ലാം കർത്താവിനോടുള്ള സ്നേഹത്തിൽ എരിഞ്ഞിരുന്നവരാണ്. നമുക്ക് മുമ്പേ ഈ ലോകത്തിൽ വീരോചിതമായി വിശ്വാസം ജീവിച്ച ഈ പുണ്യവ്യക്തികളുടെ പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ആപത്ഘട്ടങ്ങളിൽ നമുക്ക് തുണയായി മാറുന്നു. വെളിപാട് 5/8ൽ വായിക്കുന്നു. അവൻ അത് സ്വീകരിച്ചപ്പോൾ 24 ശ്രേഷ്ഠന്മാരും കുഞ്ഞാടിന്റെ മുമ്പാകെ സാഷ്ടാംഗം പ്രണമിച്ചു. ഓരോരുത്തരും വീണയും വിശുദ്ധരുടെ പ്രാർത്ഥനകളുമാകുന്ന പരിമളദ്രവ്യം നിറഞ്ഞ സ്വർണ്ണകലശങ്ങളും കൈയിലേന്തിരുന്നു. സ്വർഗ്ഗത്തിലിരുന്ന് വിശുദ്ധർ തങ്ങളുടെ പ്രാർത്ഥനകളാൽ ഭൂമിയിലുള്ള സഹോദരരെ സഹായിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി മരിച്ച് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അഴിഞ്ഞുപോകാത്ത ശരീരവുമായി എത്രയോ വിശുദ്ധർ നമുക്ക് മുമ്പിൽ ശക്തമായ ദൈവികസാന്നിദ്ധ്യത്തിന് ശക്തമായ തെളിവായി നിലകൊള്ളുന്നു. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനോ വിശദീകരിക്കാനോ ഒരിക്കലും കഴിയാത്ത ദൈവിക വെളിപാടിന്റെ, ഒരിക്കലും മാഞ്ഞുപോകാത്ത പ്രതീകങ്ങളാണ് ഓരോ വിശുദ്ധരും. ദൈവത്തിനും മനുഷ്യനും ഇടയിൽ ക്രിസ്തു മദ്ധ്യസ്ഥനാണെങ്കിൽ ക്രിസ്തുവിനും നമുക്കുമിടയിൽ ഈ വിശുദ്ധരുടെ സഹായം നമുക്ക് മദ്ധ്യസ്ഥമായി തീരുന്നു. ആത്യന്തികമായി എല്ലാ വിശുദ്ധരും യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും നമുക്ക് മനസ്സിലാക്കി അതിലേക്ക് എത്തിക്കാൻ സഹായിക്കുന്നവരാണ്.

മറ്റുചിലർക്ക് ഒരു സംശയം തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നത് വണങ്ങുന്നത് ഉചിതമാണോ?

പഴയനിയമത്തിൽ 2 രാജക്കന്മാർ 13/21 നാം കാണുന്നത് ഒരു ചെറുപ്പക്കാരന്റെ മൃതശരീരവുമായി ഒരു കൂട്ടം ആളുകൾ പോകുമ്പോൾ മൊവാബ്യർ ആക്രമിക്കാൻ വരുന്നതും അവരെ ഭയന്ന് മൃതശരീരം വലിച്ചെറിഞ്ഞ് അവർ ഓടി രക്ഷപെടുന്നു. ശരീരം പ്രവാചകനായ എലിഷായുടെ അസ്ഥിയുടെ പുറത്താണ് ചെന്നുവീഴുന്നത്. ശരീരം പ്രവാചകന്റെ അസ്ഥിയിൽ മുട്ടിയ ഉടനെ ചെറുപ്പക്കാരൻ പുനർജീവിക്കുന്നു.

പുതിയ നിയമത്തിൽ അപ്പസ്തോലപ്രവർത്തനം 5/15 ൽ കാണുന്നു. പത്രോസ് ശ്ലീഹാ




നടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ നിഴൽ പതിച്ച് രോഗികൾ സുഖപ്പെടുന്നതിനായി. അപ്പസ്തോലപ്രവർത്തനം 19/12 ൽ പൗലോസ്ശ്ലീഹായുടെ അംശവസ്ത്രവും തൂവാലയും ഉപയോഗിച്ച് ആളുകൾ സുഖപ്പെടുന്നതായി. കഴിഞ്ഞ നൂറ്റാണ്ടുകളിലും ഈ നൂറ്റാണ്ടിലും വരാനിരിക്കുന്ന നൂറ്റാണ്ടുകളിലും വിശുദ്ധരുടെ മദ്ധ്യസ്ഥത്തിലൂടെ നിരവധി അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. കാരണം ജീവിച്ചിരുന്നപ്പോൾ പരിശുദ്ധാത്മാവിന്റെ കൂടാരമായ വിശുദ്ധരുടെ ശരീരങ്ങൾ - തിരുശേഷിപ്പുകൾ എല്ലാകാലത്തും ദൈവത്തിന് പ്രിയപ്പെട്ടതാണ്. അതിനാൽ ഏതെങ്കിലും വിശുദ്ധരുടെ തിരുശേഷിപ്പുകൾ വീടുകളിൽ സൂക്ഷിക്കുന്നത്, വണങ്ങുന്നത് നാരകീയ ശക്തികൾക്ക് എതിരായുള്ള ശക്തമായ ആയുധമായി മാറും. ഒരു വിശുദ്ധനോട് നമ്മൾ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുമ്പോൾ അവർ ഇറങ്ങിവന്ന് നമ്മളുടെ പ്രാർത്ഥനകൾക്ക് നമ്മളെ സഹായിക്കാറുണ്ട്, സുഖപ്പെടുത്താറുണ്ട്. ആഴമേറിയ വിശ്വാസം അതിന് അനിവാര്യമാണ്. വിശുദ്ധരോട് പ്രാർത്ഥിക്കുമ്പോൾ സൗഖ്യം എന്നത് സാങ്കൽപികമായ കെട്ടുകഥകളുടെ അടിസ്ഥാനത്തിൽ പറഞ്ഞുവയ്ക്കുന്നതല്ല. സഭയിലെ വിശുദ്ധരുടെ ചരിത്രം പരിശോധിച്ചാൽ അവർ പ്രവർത്തിച്ച അത്ഭുതങ്ങളുടെ നീണ്ടനിര അതിന് തെളിവായി നിലകൊള്ളുന്നു. ഒരു വ്യക്തിയെ അവരുടെ പുണ്യജീവിതത്തിന്റെ അടിസ്ഥാനത്തിൽ സഭ വിശുദ്ധരുടെ പട്ടികയിലേക്ക് ഉയർത്തുമ്പോൾ അവരുടെ മദ്ധ്യസ്ഥതയിൽ സംഭവിച്ച രണ്ട് അത്ഭുതങ്ങൾ പരിഗണിക്കുന്നുണ്ട് ആ അത്ഭുതങ്ങൾ കേട്ട്കേൾവിയുടെയും കണ്ടറിവിന്റെയും വെളിച്ചത്തിലല്ല. മറിച്ച് സ്വതന്ത്രരായ ഒരുകൂട്ടം ഡോക്ടേഴ്സിന്റെയും ശാസ്ത്രജ്ഞരുടെയും വൈദ്യശാസ്ത്രത്തിന്റെ അതിസൂക്ഷ്മവും സങ്കീർണ്ണവുമായ പരിശോധനയുടെയും പഠനത്തിന്റെയും അപഗ്രഥനത്തിന്റെയും ഒക്കെ ഒടുവിൽ വിശദമായി പഠിച്ച് ഈ അത്ഭുതം ശാസ്ത്രത്തിന്റെ കണ്ടെത്തലുകളിൽനിന്ന് മനസിലാക്കാൻ സാധിക്കില്ല എന്ന് സമ്മതിക്കുമ്പോഴാണ് ആ ആളെ വാഴ്ത്തപ്പെട്ടവൻ/ വിശുദ്ധൻ എന്ന പദവികളിലേക്ക സഭ ഉയർത്തി അൾത്താരവണക്കത്തിനായി വയ്ക്കുന്നത്. നമ്മുടെ പിതാവായ ചാവറയച്ചന്റെ വാഴ്ത്തപ്പെട്ടവൻ എന്ന പദവിക്ക് കാരണമായത് പെണ്ണാപറമ്പിൽ ജോസഫ് മാത്യു എന്ന ആറുവയസസ്സുള്ള കുട്ടിയുടെ ജന്മനാ വൈകല്യമുള്ള കാല് സുഖപ്പെട്ടതാണ്. വിശുദ്ധനാക്കി പ്രഖ്യാപിക്കാൻ കാരണമായ അത്ഭുതം മരിയജോസ് എന്ന 9 വയസ്സുള്ള പെൺകുട്ടിയുടെ കണ്ണിന്റെ വൈകല്യം സുഖപ്പെട്ടതാണ്. ഇത് രണ്ടും അത്ഭുതകരമായ രോഗസൗഖ്യങ്ങളായി ശാസ്ത്രലോകം അംഗീകരിച്ചതാണ്. നമ്മുടെ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയാൽ അനേകംപേർ രോഗങ്ങളിൽ നിന്നും സുഖപ്പെടുന്നു. ജീവിതത്തിൽ എങ്ങനെ ഈ അത്ഭുതം അവർ പുണ്യപിതാവിന്റെ കൃപയാൽ നേടി എന്നൊക്കെ മനസ്സിലാക്കണമെങ്കിൽ മാന്നാനം കുന്നിന്റെ മുകളിലെത്തി പുണ്യപിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിച്ചാൽ മതി. ഇതൊക്കെ ഒരിക്കൽ മാത്രമായി നടന്നു കഴിഞ്ഞ കാര്യങ്ങളല്ല എല്ലാ ദിവസവും അവിടെയെത്തി പ്രാർത്ഥിക്കുന്ന നൂറുകണക്കിനാളുകൾപങ്കുവയ്ക്കുന്നഅത്ഭുതസാക്ഷ്യമാണ്. നമുക്കും പോകാം പുണ്യപിതാവിന്റെകബറിടത്തിൽമുട്ടുകുത്തിഹൃദയഭാരം ഇറക്കിവയ്ക്കാം. തീർച്ചയായും നമ്മുടെയും പ്രാർത്ഥന കേട്ട് ചാവറപിതാവ് ഇറങ്ങിവരും നമുക്കായി പ്രാർത്ഥിക്കും നമുക്കായി പ്രവർത്തിയ്ക്കും.

■

www.malankaralibrary.com



# അനുഗ്രഹത്തിന്റെ നാൾവഴികൾ



**പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നതിനും അനുഗ്രഹങ്ങൾ അറിയിക്കുന്നതിനും**
**9447738150**


## വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം



ബൽജിയത്തിന് പോകുന്നതിനുള്ള വീസായ്ക്ക് അപേക്ഷിച്ച സമയത്ത് അത് തടസ്സങ്ങൾ ഒന്നും കൂടാതെ കിട്ടുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിൽ നിയോഗം സമർപ്പിച്ച് 9 ശനിയാഴ്ചകളിൽ സംബന്ധിച്ചുകൊള്ളാമെന്ന് നേർന്നു. എന്നാൽ 6 ശനിയാഴ്ച ആയപ്പോൾ കൂടെയുള്ള 25 പേർക്കും വീസാ ലഭിക്കുകയും എനിക്കുമാത്രം കിട്ടാതെ വരികയും ചെയ്തു. ഞാൻ കൂടുതൽ വിശ്വാസത്തോടെ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും വീസാ കിട്ടിയാൽ അടുത്ത ആഴ്ച തന്നെ സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഉടനെ തന്നെ എനിക്കും വീസാ ലഭിക്കുകയും എല്ലാവരുടെയും ഒപ്പം ബെൽജിയത്തിലേക്ക് പോകുവാനും സാധിച്ചു. നന്ദി പറയുന്നു.

**നീതു ജെയ്സൺ ഇളംമ്പശ്ശേരിൽ**
**മാഞ്ഞൂർ സൗത്ത്**

## പരീക്ഷകളിൽ ഉറപ്പുള്ള മദ്ധ്യസ്ഥൻ



9 ശനിയാഴ്ച വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിൽ സംബന്ധിച്ചുകൊള്ളാമെന്ന് നിയോഗത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി നൊവേന രണ്ടാമത്തെ ആഴ്ചയിലെത്തിയപ്പോൾ നടന്ന IELTS പരീക്ഷയിൽ മകന് മികച്ച വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**ജെയിംസ്, തൂമ്പിൽ,**
**നീണ്ടൂർ**

## കുടുംബപ്രേഷിതൻ ചാവറപിതാവ്

അയർലണ്ടിൽ ആയിരിക്കുന്ന എന്റെ മകൻ ജിമ്മി ജേക്കബിനും കുടുംബത്തിനും ഒരു നല്ല ഭവനം ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും പ്രായാധിക്യത്താൽ എല്ലാ ദിവസവും പള്ളിയിൽ വരാൻ സാധിക്കില്ല എങ്കിലും സാധിക്കുന്ന ദിവസങ്ങളിലെല്ലാം കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ മകൻ ആഗ്രഹിച്ച രീതിയിലുള്ള ഒരു നല്ല ഭവനം അയർലണ്ടിൽ ലഭിച്ചത് വിശുദ്ധ ചാവറപിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥസഹായത്താലാണെന്ന് പൂർണ്ണമായി വിശ്വസിച്ച് നന്ദി പറയുന്നു.

**ഏലിയാമ്മ ജേക്കബ് പുത്തൻപറമ്പ്**
**പട്ടിത്താനം**

## പഠനത്തിലും ജോലിയിലും ആശ്രയമായ പിതാവ്



മാന്നാനത്തെ വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിച്ചിരുന്ന കാലത്തുതന്നെ പഠനത്തിനുശേഷം നല്ല ഒരു ജോലി ലഭിക്കണെമെന്ന നിയോഗത്തോടെ എന്നും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചിരുന്നു. പഠനം കഴിഞ്ഞ് പോന്ന ശേഷം ജീവിതത്തിൽ പലപ്രതിസന്ധികളുണ്ടായെങ്കിവും ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന മുടക്കിയില്ല, ജോലി ലഭിക്കുമ്പോൾ മാന്നാനത്തുവന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്ന് എന്നും പ്രാർത്ഥിച്ചതിന്റെ ഫലമായി പഠിച്ച വിഷയത്തിൽ തന്നെ നല്ല ഒരു ജോലി ലഭിക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചു. നന്ദി പറയുന്നു.

**അമല റെയ്ച്ചൽ മാത്യു അഴിക്കാത്ത്**
**മലയാലപ്പുഴ, പത്തനംതിട്ട.**

## ആഗ്രഹിച്ച സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ചു

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി ആഗ്രഹിച്ച കോളേജിൽ തന്നെ അഡ്മിഷൻ ലഭിച്ച് നല്ല മാർക്കോടെ പി.ജി. പാസ്സാകാൻ സാധിച്ചതിന് നന്ദി പറയുന്നു.

**ജാകിലിൻ തങ്കച്ചൻ, അഞ്ചാനിക്കൽ**
**വിമലഗിരി, ഇടുക്കി**

## ദുഃഖങ്ങളിൽ താങ്ങാകുന്ന സ്നേഹം



ഞങ്ങളുടെ രണ്ടാമത്തെ കുഞ്ഞിന് ജനനസമയത്ത് കാലിന് വളവുണ്ടായിരുന്നതിനാൽ കുഞ്ഞ് നടക്കുവാൻ തുടങ്ങുമ്പോൾ പ്രയാസം ഉണ്ടാകുമെന്ന് ഞങ്ങൾ ഭയപ്പെട്ടിരുന്നു. നടക്കുവാൻ യാതൊരുബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം ഞങ്ങൾ നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി നടന്നുതുടങ്ങിയപ്പോൾ യാതൊരു പ്രശ്നങ്ങളും ഇല്ലാതെ സാധാരണ കുഞ്ഞുങ്ങളെ പോലെ നടക്കുവാൻ കഴിഞ്ഞു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ജിജോ ആൻഡ് സിമി മണ്ണൂരാംപറമ്പിൽ**
**ഭരണങ്ങാനം**

## ആപത്തുകളിൽ ആശ്രയമാകുന്ന വിശുദ്ധ ചാവറപിതാവ്



വിധി പറയാനിരുന്ന കേസിൽ സത്യം തെളിയുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും ആരാധനയിലും സംബന്ധിച്ച് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി, ഒപ്പുകൾ പരിശോധിക്കാൻ ഫോറൻസിക് വകുപ്പിന് വിടുകയും പരിശോധനയിൽ ഒപ്പുകളെല്ലാം വ്യാജമാണെന്ന ഫോറൻസിക് റിപ്പോർട്ട് കിട്ടുകയും ചെയ്തു. കൂടാതെ പഠനകാര്യത്തിൽ വലിയ താല്പര്യം കാണിക്കാത്ത മകനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി എൽ.എൽ.ബി. 5 സെമസ്റ്ററുകളുടെ റിസൽട്ട് വന്നപ്പോൾ എല്ലാ പേപ്പറുകൾക്കും വിജയിക്കുവാനും കഴിഞ്ഞു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താലാണ് ഈശോയിൽ നിന്നും ഈ വലിയ അനുഗ്രഹങ്ങൾ ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**അശ്വതി ജോർജ് പുത്തൻപറമ്പിൽ,**
**വീയപുരം, ആലപ്പുഴ**

## തൊഴിലന്വേഷകരുടെ ആശ്രയം

ജോലിയ്ക്കുള്ള മെഡിക്കൽ ടെസ്റ്റിൽ 3 പ്രാവശ്യവും റിജെക്റ്റ് ആയ കൊച്ചുമകനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നൊവേനയിൽ പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി പിന്നീട് നടന്ന ഇന്റർവ്യൂവിൽ മെഡിക്കൽ പാസ്സായി ജോലിയിൽ പ്രവേശിക്കാൻ സാധിച്ചതിന് നന്ദി പറയുന്നു

**അന്നമ്മ ജോസഫ് കരോട്ട്**
**കൈപ്പുഴ**

## താമസിക്കുവാൻ വീട് ലഭിച്ചു



ഓസ്ട്രേലിയയിൽ ആയിരിക്കുന്ന കുടുംബത്തിന് താമസിക്കുവാൻ ഒരു ഭവനം ലഭിക്കുന്നതിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നൊവേനയിൽ പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി താമസിക്കുവാൻ അനുയോജ്യമായ ഭവനം ലഭിച്ചതിന് നന്ദി പറയുന്നു.

**ഏലമ്മ ജോസഫ് ശ്രീകണ്ഠമംഗലം**
**അതിരമ്പുഴ.**

## പ്രയാസങ്ങളിൽ ആശ്വാസം നൽകുന്ന വിശുദ്ധൻ

വലതുകൈ ഉയർത്തുവാൻ സാധിക്കാത്തതിനാൽ ജോലിയൊന്നും ചെയ്യുവാൻ കഴിയാതിരുന്ന കുടുംബനാഥനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി കൈ ഉയർത്തുവാനുള്ള അനുഗ്രഹം ലഭിച്ചതിന് നന്ദി പറയുന്നു.

**റോസി ഫ്രാൻസിസ് തായ്പടിക്കൽ**
**കടുത്തുരുത്തി.**

## വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ

മകന് ബി.എസ്.സി. നേഴ്സിംഗിന് കേരളത്തിൽ അഡ്മിഷൻ ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് സഹോദരി ആദ്യത്തെ രണ്ട് അലോട്ട്മെന്റിലും അഡ്മിഷൻ കിട്ടാതെ വന്നപ്പോൾ മൂന്നാമത്തെ അലോട്ട്മെന്റ് വരുന്നതിന് മുൻപുള്ള ശനിയാഴ്ച വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് കരഞ്ഞ്, കേരളത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള ഏതെങ്കിലും ഒരു കോളേജിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ ശനിയാഴ്ച നൊവേനകളിൽ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി ആ ശനിയാഴ്ച വൈകുന്നേരം തന്നെ മൂന്നാമത്തെ അലോട്ട്മെന്റ് വരികയും വീട്ടിൽ നിന്ന് പോയിവരാവുന്ന ദൂരത്തിൽ ഒരു നല്ല സ്ഥാപനത്തിൽ അഡ്മിഷൻ ലഭിക്കുകയും ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താലാണ് ഈ വലിയ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു .

**മിനി സണ്ണി താന്നിത്തടത്തിൽ**
**കുറുമുള്ളൂർ**

## വീടുപണി പൂർത്തിയാക്കാൻ സാധിച്ചു

വീടിന്റെ പണി ആരംഭിച്ച് വളരെ നാളുകളായിട്ടും അത് പൂർത്തിയാക്കുവാൻ സാധിക്കാതെ ബുദ്ധിമുട്ടിയ സന്ദർഭത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും വീടുപണി പൂർത്തിയാക്കുവാൻ സാധിച്ചാൽ സാക്ഷ്യപ്പെടുത്താമെന്നും നേർന്ന് വിശുദ്ധ കുർബാനയിലും ചാവറപിതാവിന്റെ നൊവേനയിലും കുടുംബസമേതം പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി വീടിന്റെ പണി പൂർത്തിയാക്കി താമസയോഗ്യമാക്കാൻ കഴിഞ്ഞതിന് നന്ദി പറയുന്നു

**ജോസ് അതിരമ്പുഴ.**

## പരീക്ഷകളിൽ വിജയം

ജർമ്മനിയിൽ ജോലി ലഭിക്കുന്നതിനുള്ള യോഗ്യതാപരീക്ഷ പാസ്സായി ജോലി ലഭിക്കുകയാണെങ്കിൽ സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന് നേർന്ന് വിശുദ്ധ ചാവപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾ, പരീക്ഷ പാസ്സായി ജോലിയിൽ പ്രവേശിച്ചതിന് നന്ദി പറയുന്നു.

**കുഞ്ഞച്ചൻ, വരകുകാലാ**
**നമ്പ്യാകുളം**

## വിദേശജോലി ലഭിച്ചു

വിദേശത്ത് ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ട കൊച്ചുമകന് മറ്റൊരു ജോലി ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും മുടങ്ങാതെ സംബന്ധിച്ച് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മറ്റൊരു കമ്പനിയിൽ ജോലി ലഭിച്ചതിന് നന്ദി പറയുന്നു

**ഏലിക്കുട്ടി മാത്യു വടകര**
**വില്ലൂന്നി.**

## വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ വി. ചാവറപിതാവ്



ശനിയാഴ്ചകളിൽ വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി എം.കോം. പരീക്ഷയിൽ നല്ല മാർക്കോടെ വിജയിക്കുവാൻ കഴിഞ്ഞതിന് നന്ദി പറയുന്നു.


**ജോമിൻ ജോസഫ് മരശ്ശേരിൽ**
**അതിരമ്പുഴ**

## ഭയാശങ്കകളിൽ നിന്ന് മോചനം നൽകുന്ന പിതാവ്

പ്ലസ്സ്ടുവിന് പഠിച്ചുകൊണ്ടിരുന്ന മകന് ഫൈനൽ പരീക്ഷ വളരെ ബുദ്ധിമുട്ടാവുകയും ജയിക്കുന്ന കാര്യം സംശയമെന്നും പറഞ്ഞപ്പോൾ കുടുംബമൊന്നിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി പരീക്ഷയിൽ നല്ല വിജയം ലഭിച്ചതിന് നന്ദി പറയുന്നു.

**ജോളി സാബു പേമല**
**ഏറ്റുമാനൂർ**

## ആശങ്കകളിൽ നിന്ന് ആശ്വാസം തരുന്ന പിതാവ്



വിവാഹം കഴിഞ്ഞ് 4 വർഷമായിട്ടും കുഞ്ഞുങ്ങളില്ലാതിരുന്ന ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചതിന്റെ ഫലമായി ഞാൻ ഗർഭിണി ആയി. 7-ാം മാസത്തിൽ സ്കാൻ ചെയ്തപ്പോൾ പ്ലാസന്റാ പ്രിവിയ വെള്ളം കൂടുതലാണെന്നും കുഞ്ഞിന്റെ പൊസിഷൻ ശരിയല്ല എന്നും പറഞ്ഞു. ഓപ്പറേഷൻ ചെയ്താലും അമ്മയെയും കുഞ്ഞിനെയും ഒരുമിച്ച് കിട്ടില്ല കോംപ്ലിക്കേറ്റഡ് കേസാണെന്നും പറഞ്ഞു എങ്കിലും ഞങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു മൂന്നാംദിവസം നടത്തിയ ഓപ്പറേഷനിൽ അമ്മയ്ക്കും കുഞ്ഞിനും യാതൊരു കുഴപ്പവുമില്ലാതെ തിരിച്ചുകിട്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയാലാണ് ഈ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**തോമസുകുട്ടി ചാക്കോ &**
**ഷെറിൻ തോമസുകുട്ടി**
**കൈപ്പുഴ**

## തൊഴിലന്വേഷകരുടെ ആശ്രയമായ ചാവറപിതാവ്

വിശുദ്ധ ചാവറപിതാവിൻെറ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ജോലി ലഭിക്കുകയാണെങ്കിൽ മാന്നാനത്ത് കബറിടത്തിൽ വന്ന് നന്ദി അറിയിക്കാമെന്നും നേർന്നതിന്റെ ഫലമായി ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**അമൽ ജോസ് മാളിയേക്കൽ**
**വയനാട്**

## നൊവേനയ്ക്കുത്തരം ലഭിച്ചു

ബി. ടെക്. കഴിഞ്ഞ് നാലുവർഷമായിട്ടും ജോലിയൊന്നും ലഭിക്കാതിരുന്ന മകന് ജോലി ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും നിയോഗം സമർപ്പിച്ച് അമ്മയും മകനും ശനിയാഴ്ചകളിലെ വിശുദ്ധകുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെയും ഫലമായി ബഹറിനിൽ ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**ലിറ്റി മൂലക്കാട്ട്**
**മാന്നാനം**

## വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ



എന്റെ മകൾ ആൻമേരി ജോർജ് എം.ബി.ബി.എസ്. ന് അഡ്മിഷൻ ലഭിക്കുന്നതിന് വളരെ തടസ്സങ്ങൾ നേരിട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ഈ നിയോഗത്തിൽ വീട്ടിൽ 9 ദിവസത്തേയും നൊവേന ഒരു ദിവസം തന്നെ ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്ത് 13-ാം ദിവസമായപ്പോൾ തടസ്സങ്ങൾ മാറി മകൾക്ക് എം.ബി.ബി.എസ്. അഡ്മിഷൻ ശരിയായതിന് നന്ദി പറയുന്നു.

**എലിസബത്ത് ചാക്കോ**
**തയ്യിൽപൂനാത്ത്, മാന്നാനം**



## സന്താന ഭാഗ്യം ലഭിച്ചു

വിശുദ്ധ ചാവപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ ഒരാൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**ജോജിത ജോബി,കുന്നത്തുകാട്ടിൽ**
**കുറവിലങ്ങാട്.**

www.malankaralibrary.com



## രോഗങ്ങളിൽ നിന്നും പരിപാലിക്കുന്ന വിശുദ്ധൻ

എന്റെ 5 വയസ്സുള്ള കുട്ടിയുടെ, കഴുത്തിന്റെ വലതുവശത്ത് ലിംഫ് നോഡിന് വീക്കം വന്ന് വളരെ വലുതായി 15 ദിവസത്തോളം മരുന്ന് കഴിച്ചിട്ടും മാറാതെ വീക്കമുള്ള ഭാഗത്തുനിന്നും കുത്തിയെടുത്ത് പരിശോധിക്കണമെന്ന് ഡോക്ടർമാർ അറിയിച്ചപ്പോൾ ഞങ്ങൾ കുട്ടിയുമായി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിലെത്തുകയും മാദ്ധ്യസ്ഥ സഹായം പ്രാർത്ഥിച്ച് നിയോഗം സമർപ്പിക്കുകയും, കുട്ടിയുടെ ശരീരത്തിൽ ഒരു പോറലുപോലുമേൽക്കാതെ സൗഖ്യം തരണമേയെന്നും കബറിടത്തിൽ കുട്ടിയുടെ തല മുത്തിച്ച് സാക്ഷ്യം പറഞ്ഞുകൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചതിനുശേഷം മൂന്നാം ദിവസം ഡോക്ടറെ കപ്പോൾ ഇനി മരുന്നുകൾ ഒന്നും വേണ്ട എന്ന് പറയുകയും കുട്ടിക്ക് പൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു. ഈശോയിൽ നിന്നും ഈ അനുഗ്രഹം വാങ്ങിത്തന്ന വിശുദ്ധ ചാവറപിതാവിന് നന്ദി പറയുന്നു.

**കുര്യാക്കോസും കുടുംബവും**
**പഴയരിക്കണ്ടം, ഇടുക്കി**

## വിദേശജോലി തടസ്സങ്ങൾ മാറി

യു.കെ.യിൽ പോകുന്നതിനുള്ള പേപ്പർ വർക്കുകൾ നടന്നുകൊണ്ടിരുന്ന സഹോദരിയുടെ ഒരു പേപ്പർ കിട്ടുന്നതിന് വളരെ തടസ്സങ്ങൾ ഉണ്ടായപ്പോൾ ശനിയാഴ്ച വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി പിറ്റേദിവസം തന്നെ മുടങ്ങിക്കിടന്ന പേപ്പറും ശരിയായി വിദേശത്ത് പോകുന്നതിന് സാധിച്ചു നന്ദി പറയുന്നു.

**ആൽബിൻ പാറയിൽ**
**അതിരമ്പുഴ.**

## പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചു

വലതുകൈയുടെ ചൂണ്ടുവിരൽ മടക്കുവാനും നിവർക്കുവാനും സാധിക്കാതെ അത്യധികമായ നീരും വേദനയുംമൂലം വിഷമിച്ച് ഡോക്ടറെ കാണിച്ചപ്പോൾ വിഷമുള്ള ജീവികൾ കടിച്ചതായിരിക്കുമെന്ന് പറഞ്ഞ് അതിനുള്ള ആൻറിബയോട്ടിക്കുകൾ കഴിച്ചിട്ടും കുറയാതെ വന്നപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നൊവേനയിലും വിശുദ്ധ കുർബാനയിലും സ്ഥിരമായി സംബന്ധിച്ച് കബറിടത്തിൽ വിരൽവച്ച് സൗഖ്യം ലഭിക്കുന്നതിനായി പ്രാർത്ഥിച്ചതിന്റെ ഫലമായി 9-ാം ദിവസം നീരുകുറഞ്ഞ് പൂർണ്ണസൗഖ്യം ലഭിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**സിസ്റ്റർ റാണി.**

## രോഗഭയത്തിൽ നിന്നും മോചനം നൽകിയ ചാവറപിതാവ്



യൂട്രസ്സിൽഉണ്ടായമുഴക്യാൻസർ ആയിരിക്കാമെന്ന് ഡോക്ടർമാർ പറയുകയും അതിൽനിന്ന് കുത്തിയെടുത്ത് പരിശോധനയ്ക്കായി നൽകുകയും ചെയ്തപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം തേടി വിശുദ്ധ കുർബാനയിലും നൊവേനയിലും 9 ശനിയാഴ്ച സംബന്ധിച്ച് പ്രാർത്ഥിക്കുകയും റിസൽട്ട് കിട്ടുന്ന ദിവസവും കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥസഹായം അപേക്ഷിക്കുകയും ചെയ്തതിന്റെ ഫലമായി പരിശോധനാഫലത്തിൽ ക്യാൻസറിന്റേതായ ഒരു ലക്ഷണവും ഇല്ലെന്ന് അറിഞ്ഞതിന് നന്ദി പറയുന്നു.

**മോൻസി, ചിറവാലയിൽ**
**ഗാന്ധിനഗർ**

## നിരാശയിൽ ആശ്രയമായ വിശുദ്ധ ചാവറപിതാവ്

ഒരുപാട് നാളുകളായി വിദേശത്തുപോകുന്നതിനുള്ള വീസാ ലഭിക്കുന്നതിനായി ശ്രമിക്കുകയും എന്നാൽ എല്ലായിടത്തും ഞാൻ പരാജയപ്പെടുകയുമാണ് ഉണ്ടായത്. വളരെയധികം പണവും ഇക്കാര്യത്തിൽ നഷ്ടപ്പെട്ടു. അങ്ങനെയിരിക്കെ എന്റെ സുഹൃത്തിന്റെ നിർദ്ദേശപ്രകാരം ഞാൻ മാന്നാനത്ത് വന്ന് വളരെ സങ്കടത്തോടെ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും എനിക്ക് കിട്ടുന്ന അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തു. അതിന്റെ ഫലമായി മാത്രമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ പറയുന്നു, എനിക്ക് പെട്ടെന്ന് തന്നെ വീസാ ലഭിക്കുകയും വിദേശത്ത് പോകുന്നതിനുള്ള എല്ലാ കാര്യങ്ങളും ശരിയായി ഞാൻ ഡിസംബർ 15 ന് ഫിജി എന്ന രാജ്യത്തേക്ക് പോകുകയാണ്. എന്റെ പ്രാർത്ഥന കേട്ട് എന്റെ എല്ലാ കാര്യങ്ങളും ശരിയാക്കി തന്ന വിശുദ്ധ ചാവറപിതാവിന് കബറിടത്തിൽ വന്ന് നന്ദി പറഞ്ഞ് അനുഗ്രഹത്തിന്റെ സാക്ഷ്യവും എഴുതി നൽകിയതിന് ശേഷമാണ് എന്റെ യാത്ര. നന്ദിയോടെ.

**അഫ്സൽ മുഹമ്മദ്**
**തൊടുപുഴ**

## ജീവിതവീഥികളിൽ ആശ്വാസം നൽകിയ ചാവറപിതാവ്

കൃഷി നടത്തുന്ന വയലിന്റെ ക്രോസ്സ് ബണ്ടിന്റെ പണി നടത്താൻ സാധിക്കാതെ വിഷമിച്ച അവസരത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ 9 ദിവസം നൊവേന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി പണി നടത്തുവാൻ രൂപ അനുവദിച്ചുകിട്ടിയതിനും നൊവേനയിൽ സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഭർത്താവിന്റെ ശ്വാസകോശ സംബന്ധമായ രോഗത്തിന്റെ ചികിത്സാർത്ഥം നടത്തിയ ഓപ്പറേഷൻ വിജയിച്ചതിനും സൗഖ്യം ലഭിച്ചതിനും നന്ദി പറയുന്നു.

**സെലിൻ മഠത്തിമ്യാലിൽ വീട്**
**മാഞ്ഞൂർ**

## സംസാരിക്കാത്ത കുഞ്ഞിന് സംസാരശക്തി ലഭിച്ചു



എന്റെ കുഞ്ഞ് (ആൻ) മൂന്ന് വയസ്സായിട്ടും ഒന്നും സംസാരിക്കുകയില്ലായിരുന്നു. മാതാപിതാക്കളായ ഞങ്ങൾക്ക് ഇതിൽ ഭയങ്കര വിഷമമായിരുന്നു. കുഞ്ഞിന് സംസാരിക്കുവാനുള്ള കഴിവ് ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അനുഗ്രഹം ലഭിച്ചാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്ന് ശനിയാഴ്ച ദിവസങ്ങളിൽ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചു. ഫലമായി നൊവേന 9 ശനിയാഴ്ച പൂർത്തിയാക്കി കഴിഞ്ഞപ്പോൾ തന്നെ കുഞ്ഞ് സംസാരിക്കാൻ തുടങ്ങി. അമ്മേ എന്ന് പോലും വിളിച്ചു തുടങ്ങിയത് അപ്പോൾ മാത്രമാണ്. കൂടാതെ കുഞ്ഞിന് എന്നും ഓരോരോ അസുഖങ്ങളായിരുന്നു. അതും വിശുദ്ധ ചാവറപിതാവിനോടുള്ള പ്രാർത്ഥനയാൽ മാറിക്കിട്ടി. വിശുദ്ധ ചാവറപിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥസഹായത്താൽ ലഭിച്ച അനുഗ്രഹത്തിന് ആയിരമായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

**അന്നമ്മ കാക്കത്തുരുത്തിൽ**
**പുന്നത്തുറ**

## തകർന്ന ജീവിതത്തെ കരുപ്പിടിപ്പിച്ച വിശുദ്ധൻ

ക്യാൻസർ രോഗബാധയെ തുടർന്ന് ഒരുകാലിന്റെ സ്വാധീനം നഷ്ടപ്പെട്ടതിനാൽ നടക്കുവാനോ ജോലി ചെയ്യുവാനോ സാധിക്കാതിരുന്ന സഹോദരനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി കാലിന്റെ നഷ്ടപ്പെട്ട സ്വാധീനം തിരിച്ചുകിട്ടി നടക്കുവാനും ജോലിചെയ്യുവാനും സാധിച്ചു. കൂടാതെ യു.കെ. യിൽ ജോലി ചെയ്തിരുന്ന മകന് അവിടെജോലി നഷ്ടപ്പെട്ട് തിരിച്ച് പോരേണ്ടി വന്നപ്പോഴും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം വിശ്വസിച്ച് പ്രാർത്ഥിക്കുകയും മകനുമൊരുമിച്ച് ശനിയാഴ്ചകളിലെ നൊവേനയിൽ സംബന്ധിച്ചുകൊള്ളാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി ജോലി തിരിച്ചുകിട്ടിയതിനും നന്ദി പറയുന്നു.

**ഗ്രേസി കൊല്ലപ്പള്ളി**

## രോഗങ്ങളിൽ നിന്ന് ആശ്വാസം



എന്റെ കാലിന്റെ കണ്ണയ്ക്ക് തുടർച്ചയായി നീരും വേദനയും ഉണ്ടാവുകയും മരുന്നുകൾ ചെയ്തിട്ടും കുറവില്ലാതെ നടക്കുവാൻ ബുദ്ധിമുട്ടിയപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും 9 ശനിയാഴ്ച നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി വളരെ നാളുകളായി കാലിൽ വിട്ടുമാറാതെ നിന്നിരുന്ന നീരും വേദനയും മാറിക്കിട്ടിയതിന് നന്ദി അറിയിക്കുന്നു.

**ഷീബ മാത്യു തളിപ്പറമ്പിൽ**
**അതിരമ്പുഴ**

## സന്താനഭാഗ്യം നൽകിയ വിശുദ്ധൻ

സ്കാനിംഗിൽ എന്റെ സഹോദരിയുടെ ഗർഭസ്ഥശിശുവിന്റെ വൃക്കയ്ക്ക് തകരാർ ഉണ്ടെന്ന് അറിഞ്ഞതിനെ തുടർന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും കുഞ്ഞിനെ പൂർണ്ണ ആരോഗ്യത്തോടെ ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ തിരുനാൾ ഏറ്റ് നടത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി കുഞ്ഞ് പൂർണ്ണ ആരോഗ്യത്തോടെ ജനിച്ചതിന് നന്ദി പറയുന്നു.

**സമിത ചാമക്കാലായിൽ,**
**തെള്ളകം.**

## വിവാഹം നടന്നു



എന്റെ വിവാഹം നടക്കുന്നതിനായി എന്റെ ആന്റി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ സഹായം പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചതിന്റെ ഫലമായി എനിക്ക് അനുയോജ്യനായ ഒരു ജീവിതപങ്കാളിയെ ലഭിച്ചതിനും സന്താനഭാഗ്യമുണ്ടായതിനും നന്ദി പറയുന്നു.

**അനു ജിൻസൺ താരാമഠത്തിൽ**
**തിരുമാറാടി, എറണാകുളം**

## കുഞ്ഞുങ്ങളെ നൽകി അനുഗ്രഹിച്ചു



വിശുദ്ധ ചാവറ കുര്യാക്കോസച്ചാ, ഞങ്ങളുടെ പ്രാർത്ഥന കേട്ട് അവിടുത്തെ മാദ്ധ്യസ്ഥസഹായത്താൽ ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിനും എനിക്ക് സർക്കാർ ജോലി ലഭിച്ചതിനും നന്ദി പറയുന്നു.

**ഗിരീഷ് ഗോപാൽ കാട്ടം പറമ്പിൽ**
**ആനിക്കാട്**

## ജോലി ലഭിച്ചു



ബാങ്ക് ടെസ്റ്റ് എഴുതിയതിനുശേഷം ജോലി ലഭിക്കണമെന്ന നിയോഗത്തോടെ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും നിയോഗം സമർപ്പിച്ച് 9 ശനിയാഴ്ചകളിൽ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിക്കുകയും ചെയ്തതിന്റെ ഫലമായി ബാങ്കിൽ ലീഗൽ ഓഫീസർ ആയി നിയമനം ലഭിച്ചതിന് നന്ദി പറയുന്നു.

**അസൂന്ത ഫ്രാൻസിസ് പാറമ്പുഴ**
**കോട്ടയം**

## അത്ഭുതപ്രവർത്തകൻ വിശുദ്ധ ചാവറപിതാവ്



എന്റെ സഹോദരൻ റോയ്സ് ജെറമിയ തുടർച്ചയായ ഛർദ്ദിലും വയറ്റിലെ മറ്റ് അസ്വസ്ഥതകളും മൂലം ചികിത്സയിൽ ആയിരുന്നു. അസുഖത്തിന് ഒട്ടും കുറവില്ലാതെ ബ്ലഡ് കൗണ്ട് വളരെ താഴ്ന്ന് അവശനിലയിലായ സഹോദരന് രോഗം ക്യാൻസറാണെന്ന് ഡോക്ടർമാർ പറയുകയും വിദഗ്ദ പരിശോധനകൾ നിർദ്ദേശിക്കുകയും ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ അതീവഭക്തയായ ഞാൻ മുൻപും മാന്നാനത്ത് വന്നിട്ടുള്ളതും അന്ന് ബഹു. അച്ചൻ എനിക്ക് സ്നേഹപൂർവ്വം തന്ന വിശുദ്ധ ചാവറപിതാവിന്റെ തിരുശേഷിപ്പ് പൂജ്യമായി കൈവശം സൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. എന്റെ സഹോദരന്റെ രോഗാവസ്ഥയിലും ഞാൻ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയിൽ ആശ്രയിച്ചു. സഹോദരന്റെ എൻഡോസ്കോപ്പി, കോളനോസ്കോപി പരിശോധനകൾക്ക് പോകുന്നതിന് മുൻപായി ഞാൻ തിരുശേഷിപ്പ് സഹോദരന് നൽകി വിശുദ്ധ ചാവറപിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അതോടൊപ്പം എന്റെ സഹോദരന്റെ പരിശോധനാറിപ്പോർട്ടുകൾ നെഗറ്റീവായിരിക്കണമെന്നും രോഗങ്ങളിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിക്കണമെന്നും അനുഗ്രഹം മാന്നാനത്ത് കബറിടത്തിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്നും നേർന്ന് വിശ്വാസപൂർവ്വം ഞാനും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അത്ഭുതമെന്ന് തന്നെ പറയട്ടെ റിപ്പോർട്ടുകൾ ലഭിച്ചപ്പോൾ അതിൽ ക്യാൻസർ രോഗത്തിന്റേതായ യാതൊരു ലക്ഷണവും ഇല്ലെന്ന് അറിയുകയും സഹോദരന് രോഗത്തിന്റേതായ അസ്വസ്ഥകളിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിക്കുകയും ചെയ്തു വിശുദ്ധ ചാവറപിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥത്തിന് നന്ദി പറയുന്നു

**മിസ്സിസ് കോളീൻസ് ഡസ്നിയർ**
**ചെന്നൈ**

## രോഗാവസ്ഥയിൽ സൗഖ്യദായകൻ ചാവറപിതാവ്

രക്തത്തിൽ വെളുത്ത രക്താണുക്കൾ ക്രമാതീതമായി കൂടുന്ന അവസ്ഥയുണ്ടായ പിതാവിന് രക്താർബുദമാണെന്ന് ഡോക്ടർമാർ സംശയം പറയുകയും ബോൺ മാരോ ടെസ്റ്റ് നിർദ്ദേശിക്കുകയും ചെയ്തപ്പോൾ കുഴപ്പമൊന്നും കാണരുതെയെന്ന് വിശുദ്ധ ചാവപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി ബോൺ മാരോ ടെസ്റ്റിന്റെ റിസൾട്ട് വന്നപ്പോൾ യാതൊരു കുഴപ്പവുമില്ല എന്നറിഞ്ഞതിനും പൂർണ്ണസൗഖ്യം ലഭിച്ചതിനും നന്ദി പറയുന്നു.

**സിജി തോമസ് കണിയാനോലിക്കൽ**
**മരങ്ങാട്ടുപിള്ളി**

## പ്രതിസന്ധിയിൽ ഉറപ്പുള്ള പരിപാലകൻ വിശുദ്ധ ചാവറപിതാവ്

അധ്യാപന ജോലിയിൽ നിന്നും വിരമിച്ചിട്ട് 10 വർഷമായിട്ടും സർക്കാരിൽ നിന്നും 2 വർഷത്തെ ശമ്പളം ലഭിക്കാതെ പല തടസ്സങ്ങൾ നേരിട്ടപ്പോൾ വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ 9 ശനിയാഴ്ചയിൽ വി. കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മുഴുവൻ ശമ്പളവും യാതൊരു കുറവും കൂടാതെ സർക്കാരിൽ നിന്നും ലഭിച്ചതിന് വിശുദ്ധ ചാവറപിതാവിന് നന്ദി പറയുന്നു

**മറിയാമ്മ ബോസ്കോ പതിയിൽ**
**അമ്മഞ്ചേരി**

## ക്യാമ്പസ് സെലക്ഷൻ വഴി ജോലി



വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ സഹായം നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ബി.ടെക്. അവസാനവർഷം പഠിച്ചുകൊണ്ടിരിക്കെ തന്നെ ക്യാമ്പസ് സെലക്ഷൻ വഴി ജോലി ലഭിച്ചതിന് നന്ദി പറയുന്നു.

**ട്രീസാ എലിസബത്ത് തയ്യിൽപൂനാത്ത്**
**മാന്നാനം**

## അത്ഭുതസൗഖ്യം നൽകിയ വിശുദ്ധ ചാവറപിതാവ്

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ മകൾക്ക് ലഭിച്ച രോഗസൗഖ്യം സാക്ഷ്യപ്പെടുത്തുന്നു എലിസബത്ത് പാറമ്പുഴ. രണ്ട് മാസങ്ങൾക്ക് മുമ്പ് എന്റെ മകളുടെ തൊണ്ടയുടെയും നെഞ്ചിന്റെയും ഇടയിലുള്ള ഭാഗത്ത് (Axilla) ഒരു വലിയ മുഴ കാണപ്പെട്ടു. ഡോക്ടറെ കാണിച്ചപ്പോൾ അത് നിറയെ പഴുപ്പാണെന്ന് മനസ്സിലാക്കുകയും അത് നീക്കം ചെയ്യുകയും ചെയ്തു. റ്റ്യൂബർക്കുലോസിസ് ആണോ എന്ന് ഡോക്ടർമാർ സംശയം പറഞ്ഞതിനെതുടർന്ന് ആകെ വിഷമിച്ച ഞാൻ വിശുദ്ധ ചചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും പരിശോധനാറിപ്പോർട്ടുകൾ കബറിടത്തിൽ വച്ച് എന്റെ മകൾക്ക് ഒരു തരത്തിലുമുള്ള മാരക രോഗങ്ങൾ ഒന്നും ഉണ്ടാകരുതേയെന്ന് വിശുദ്ധ കുർബാനയിൽ നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുകയും സാക്ഷ്യം നൽകിക്കൊള്ളാമെന്നും നേർന്നു. അതിനുശേഷം പിന്നീട് നടത്തിയ സ്കാനിംങ്ങ് റിസൽട്ട് നോർമൽ ആയിരുന്നു യാതൊരു പ്രശ്നവും ഇല്ലെന്ന് അറിഞ്ഞു. കൂടാതെ മുഴ നീക്കം ചെയ്ത ഭാഗവും പൂർണ്ണമായും സുഖപ്പെട്ടു. ഈ വലിയ അനുഗ്രഹം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താലാണ് ലഭിച്ചതെന്ന് പൂർണ്ണമായും വിശ്വസിച്ച് നന്ദി പറയുന്നു.

**എലിസബത്ത് കറുകമാലിയിൽ,**
**പെരുമ്പായിക്കാട്, പാറമ്പുഴ**

## രോഗങ്ങളിൽ നിന്നും ആശ്വാസം നൽകുന്ന സ്നേഹപിതാവ്

വേരിക്കോസ് വെയിൻ ഉള്ളതുമൂലം അസഹ്യമായ വേദനയും കൂടാതെ പലപ്പോഴും കാലിലെ വെയിൻ പൊട്ടി രക്തം ഒഴുകുമായിരുന്ന ഭർത്താവിന് സൗഖ്യം ലഭിക്കുന്നതിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ഇനി വെയിൻ പൊട്ടുന്ന അവസ്ഥ ഉണ്ടാകാതിരിക്കുകയും ചെയ്താൽ സാക്ഷ്യം എഴുതി നൽകാമെന്ന് നേർന്ന് പ്രാർത്ഥിച്ചതിനുശേഷം പിന്നീട് ഇതേവരെ വെയിൻ പൊട്ടുന്ന അവസ്ഥ ഉണ്ടായിട്ടില്ല. ഇത് വിശുദ്ധചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹമാണെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**ഷൈനി വെമ്പള്ളി**

## രോഗങ്ങളിൽ സൗഖ്യം

രണ്ട് മാസമായി വിട്ടുമാറാത്ത വയറ്റിൽ വേദനമൂലം ഡോക്ടർമാരെ കാണുകയും മരുന്നുകൾ കഴിക്കുകയും ചെയ്തിട്ടും യാതൊരു കുറവുമില്ലാതെ വന്നതിനെ തുടർന്ന് വിദഗ്ദ പരിശോധനകൾക്ക് നിർദ്ദേശിച്ചപ്പോൾ പരിശോധനകളിൽ യാതൊരു പ്രശ്നവും കാണരുതേയെന്നും സാധാരണ ചികിത്സകൾകൊണ്ട് സൗഖ്യം ലഭിക്കണമെയെന്നും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് അനുഗ്രഹം സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്നതിന്റെ ഫലമായി പരിശോധനാ റിപ്പോർട്ടുകളിൽ യാതൊരു കുഴപ്പവുമില്ല എന്നറിയാൻ സാധിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ സഹായത്താലാണ് ഈ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**വത്സമ്മജോസഫ് ശ്രീകണ്ഠമംഗലം**
**അതിരമ്പുഴ**

www.malankaralibrary.com



# ആത്മാവിന് നിറവായി ദിവ്യകാരുണ്യ ആത്മാഭിഷേക ബൈബിൾ കൺവൻഷൻ



**മാന്നാനം:** വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധ പദവി പ്രഖ്യാപന വാർഷികദിനത്തോടനുബന്ധിച്ചും വിശുദ്ധ ചാവറപിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 150-ാം വർഷത്തിന്റെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നടക്കുന്ന തിരുനാളിനൊരുക്കമായും വിശുദ്ധ ചാവറപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന തീർത്ഥാടന കേന്ദ്രമായ മാന്നാനം ആശ്രമദൈവാലയത്തിൽ 2019 നവംബർ 20 മുതൽ 24 വരെ ദിവ്യകാരുണ്യ ആത്മാഭിഷേക ബൈബിൾ കൺവൻഷൻ നടത്തപ്പെടുകയുണ്ടായി. തിരുസഭാസ്നേഹിയും വചനോപാസകനും, ദിവ്യകാരുണ്യഭക്തനും കുടുംബനവീകരണ പ്രേഷിതനുമായിരുന്ന വിശുദ്ധ ചാവറയച്ചന്റെ പ്രേഷിതപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന മാന്നാനം കുന്നിൽ ആത്മീയ നവീകരണത്തിനായി ഒരുക്കിയ ബൈബിൾ കൺവൻഷൻ നയിച്ചത് മക്കിയാട് ബനഡിക്റ്റൈൻ ധ്യാന കേന്ദ്രം മുൻഡയറക്ടറും പ്രശസ്ത വചനപ്രഘോഷകനുമായ ബഹു. ജോയി ചെമ്പകശ്ശേരിയച്ചൻ ആണ്. നവംബർ 20-ാം തീയതി വൈകുന്നേരം 4 മണിയ്ക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം പത്തനംതിട്ട രൂപതമെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

### അഭിവന്ദ്യ സാമൂവേൽ മാർ ഐറേനിയൂസ് (പത്തനംതിട്ട രൂപത മെത്രാൻ)



വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ചുള്ള ആത്മീയത വിശുദ്ധ ചാവറപിതാവിന്റെ നിരവധിയായ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു എന്ന് പത്തനംതിട്ട രൂപത മെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയൂസ് പറഞ്ഞു. ലോകമാകെ പ്രേഷിതശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന സി.എം.ഐ. സഭാംഗങ്ങളുടെ വളർച്ച ആരംഭിച്ചതും, വളർന്നതും, പടർന്ന് പന്തലിച്ചതും നിരവധിയായ പ്രതിസന്ധികളെ തരണം ചെയ്താണ്. സാമൂഹിക ഉന്നതിക്ക് കാരണമാകുന്ന നിരവധിയായ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും പ്രതികൂലസാഹചര്യങ്ങൾക്കിടയിലും അത് പൂർത്തീകരിക്കുന്നതിനും വിശുദ്ധ ചാവറപിതാവിനെ സഹായിച്ചത് വിശുദ്ധ കുർബാന കേന്ദ്രീകരിച്ചുള്ള ജീവിതമായിരുന്നു. അന്ധകാരയിടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കെതിരായിട്ടുള്ള പോരാട്ടത്തിൽ വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ചുള്ള ജീവിതം ഏവർക്കും ശക്തി പകരട്ടെ എന്നും പിതാവ് ആശംസിച്ചു. ഇനിയും വചനത്തിന്റെ പ്രകാശം കടന്നു ചെന്നിട്ടില്ലാത്ത അന്ധകാരയിടങ്ങളിലേക്ക് പ്രകാശം കടന്നുചെല്ലുന്നതിനും നഷ്ടപ്പെട്ട നാണയങ്ങളാകുന്ന ആത്മാക്കളെ ഈ വചനവിരുന്നിലൂടെ കണ്ടെത്തുന്നതിനും ഏറ്റവും ശ്രേഷ്ഠമായതിനെ ഇകഴ്ത്തിക്കാണിക്കുവാനുള്ള ഈ കാലഘട്ടത്തിന്റെ പ്രവണതയ്ക്കെതിരെ പോരാടുവാനും ഈ കൺവൻഷൻ സഹായിക്കുമെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു.

### ഫാ. മാണി പുതിയിടം



മാനവസമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിനും കുടുംബബന്ധങ്ങൾക്കും പ്രാധാന്യം നൽകി, സമൂഹനന്മ ലക്ഷ്യം വച്ച് പ്രവർത്തിച്ച മഹാത്മാവാണ് വിശുദ്ധ ചാവറപിതാവെന്ന് കുടമാളൂർ സെന്റ് മേരീസ് ഫൊറോന പള്ളി വികാരി റവ. ഡോ. മാണി പുതിയിടം പറഞ്ഞു. കുടുംബബന്ധങ്ങളുടെ ശൈഥില്യമാണ് ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പൂർവ്വികരിലൂടെ സ്വായത്തമാക്കിയ ആത്മീയത നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും, അണുകുടുംബങ്ങളിൽ ഓരോരുത്തരും അവനവന്റെ ലോകത്തിലേക്ക് ഒതുങ്ങുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാനും ഈ വചന വിരുന്ന് സഹായകമായി നിരവധിയായ ആത്മീയഫലങ്ങൾ പുറപ്പെടുവിക്കാൻ എല്ലാവർക്കും സാധിക്കട്ടെ എന്നും ബഹു. മാണി പുതിയിടമച്ചൻ ആശംസിച്ചു. കൺവൻഷൻ രണ്ടാം ദിവസമായ നവംബർ 21 വ്യാഴാഴ്ച വൈകുന്നേരത്തെ വിശുദ്ധ കുർബാന അർപ്പിച്ച് വചനം സന്ദേശം നൽകിയത് റവ. ഫാ. മാണി പുതിയിടം ആയിരുന്നു.

### റവ. ഫാ. ജോയി ചെമ്പകശ്ശേരി



സമത്വവും സാഹോദര്യവും ആത്മീയ ചൈതന്യവും നിറഞ്ഞ പ്രവർത്തനങ്ങളായിരുന്നു വിശുദ്ധ ചാവറ പിതാവിന് ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിക്കൊടുത്തത്. ദൈവഭയവും ദൈവവിചാരവും നഷ്ടപ്പെട്ട ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നാം വിശുദ്ധ ചാവറപിതാവ് പകർന്നു തന്ന മൂല്യങ്ങളും മൂല്യബോധവും നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കണമെന്ന് റവ. ഫാ. ജോയി ചെമ്പകശ്ശേരിൽ പറഞ്ഞു. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധ പദവി പ്രഖ്യാപന വാർഷിക ദിനത്തോടനുബന്ധിച്ച് നടത്തുന്ന ഈ കൺവൻഷനിലൂടെ ദൈവത്തിന്റെ സ്നേഹവും കരുണയും കൂടുതൽ ശക്തിയോടെ അനുഗ്രഹവർഷമായി മാന്നാനത്ത് പ്രസരിക്കുമെന്ന് ബ. ജോയി ചെമ്പകശ്ശേരിയിലച്ചൻ പറഞ്ഞു. സമൂഹത്തിന് ദൈവവചനം പങ്കുവയ്ക്കുവാനാണ് വിശുദ്ധ ചാവറയച്ചൻ തന്റെ ജീവിതം മുഴുവൻ സമർപ്പിച്ചത്. ആ സമർപ്പണമാണ് ദൈവത്തിന്റെ പ്രീതിയ്ക്ക് ചാവറപിതാവ് കാരണമായത്. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിശ്വാസികൾക്ക് കൺവൻഷൻ അനുഗ്രഹദായകമായിരുന്നു. സമാപനദിനത്തിൽ 4 മണിക്ക് നടന്ന ദിവ്യബലിയിൽ ചങ്ങനാശ്ശേരി, ഫാത്തിമപുരം പള്ളി വികാരി റവ. ഡോ. സേവ്യർ പുത്തൻകളം മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. സേവ്യർ ചീരംഞ്ചിറ, ഫാ. ജോസഫ് ഒഴുകയിൽ എന്നിവർ സഹകാർമ്മികരായി.

കൺവൻഷൻ ദിനങ്ങളിൽ എല്ലാദിവസവും രാവിലെ മുതൽ കുമ്പസാരത്തിനുള്ളസൗകര്യം ക്രമീകരിച്ചിരുന്നു. വിവിധ ദിവസങ്ങളിലായി മക്കളില്ലാത്ത ദമ്പതികൾ, വിവാഹതടസ്സം-ജോലിതടസ്സം എന്നിവ നേരിടുന്നവർ, കടബാദ്ധ്യത, സാമ്പത്തികത്തകർച്ച, ലഹരി വസ്തുക്കൾക്ക് അടിമയായവർ, രോഗികൾ, വിഭാര്യർ, വിധവകൾ, വിദ്യാഭ്യാസ ജോലി മേഖലയിലുള്ള യുവജനങ്ങൾ എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലുംപെട്ടവർക്കായി പ്രത്യേകപ്രാർത്ഥനാശുശ്രൂഷകൾ നടന്നു. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ചിരുന്ന പ്രാർത്ഥനാശുശ്രൂഷകളിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. അനേകജനങ്ങൾക്ക് ആത്മീയ നിറവായിതീർന്ന ദിവ്യകാരുണ്യ ആത്മാഭിഷേകബൈബിൾ കൺവൻഷൻ നവംബർ 24 ന് സമാപിച്ചു.

## രോഗങ്ങളിൽ സൗഖ്യം നൽകിയ വിശുദ്ധൻ

എല്ലാ ശനിയാഴ്ചകളിലും മുടങ്ങാതെ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെനൊവേനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി തൊണ്ടയിലുണ്ടായ ക്യാൻസർ രോഗത്തിന്റെ ചികിത്സകൾ ഫലപ്രദമാവുകയും രോഗത്തിൽ നിന്നും പൂർണ്ണസൗഖ്യം ലഭിച്ചതിനും നന്ദി പറയുന്നു

**ജോൺ അമലഗിരി**

## സന്താനഭാഗ്യം നൽകി അനുഗ്രഹിച്ചു

മക്കളില്ലാതിരുന്ന മകന് ഒരു കുഞ്ഞ് ജനിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ കഴിഞ്ഞവർഷത്തെ തിരുനാൾ ദിവസങ്ങളിലെ 9 ദിവസത്തേയും വിശുദ്ധ കുർബാനയിലും നൊവേനയിലും മാതാപിതാക്കൾ മുടങ്ങാതെ സംബന്ധിച്ച് പ്രാർത്ഥിക്കുകയും ഈ വർഷത്തെ തിരുനാളിൽ പ്രസുദേന്തിയാകാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി സന്താനഭാഗ്യം നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു .

**ജെയിംസ് ജോസഫ് പൊടിപാറ**
**വില്ലൂന്നി**

## അനുഗ്രഹദായകൻ വിശുദ്ധ ചാവറപിതാവ്

ഞാൻ ഓട്ടൊമൊബൈൽ എഞ്ചിനീയറിംങ്ങ് ഫസ്റ്റ്ക്ളാസ്സോടെ പാസ്സായി ഒരു വർഷത്തെ ടെക്നീഷ്യൻകോഴ്സും കംപ്ലീറ്റ് ചെയ്തതിനുശേഷവും പഠനത്തിനനുസരിച്ചുള്ള ജോലി ലഭിക്കാതിരുന്നതിനാൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിക്കുകയും കുടുംബമൊന്നുചേർന്ന് ഈ നിയോഗത്തിനുവേണ്ടി 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെനൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്നും 9 ശനിയാഴ്ച പൂർത്തിയാകുന്നതിനുമുമ്പ് തന്നെ ജോലി ലഭിക്കണമെന്ന നിയോഗവും സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി നൊവേന 8 ആഴ്ച പൂർത്തിയാക്കിയപ്പോൾ തന്നെ എനിക്ക് നല്ല കമ്പനിയിൽ ഇന്റർവ്യൂവിൽ പങ്കെടുത്ത് ജോലി ലഭിക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചു. നൊവേന 9 ശനിയാഴ്ച പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കാനും കഴിഞ്ഞു വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്തിന് നന്ദി പറയുന്നു.

**ലിജോ ജോസഫ് പായിപ്പാട്ട്തറയിൽ**
**മണ്ണാർകുന്ന്**

## വിശുദ്ധ ചാവറതീർത്ഥാടന കേന്ദ്രത്തിലെ ആത്മീയ ശുശ്രൂഷകൾ

**ഞായറാഴ്ച**

05.15 am വിശുദ്ധ കുർബാന
06.15 am വിശുദ്ധ കുർബാന
08.00 am വിശുദ്ധ കുർബാന
09.30 am വിശുദ്ധ കുർബാന
11.00 am വിശുദ്ധ കുർബാന
04.30 pm വിശുദ്ധ കുർബാന, ആരാധന

**ശനിയാഴ്ച**

06.00 am വിശുദ്ധ കുർബാന, നൊവേന
07.30 am വിശുദ്ധ കുർബാന, നൊവേന
09.00 am വിശുദ്ധ കുർബാന, നൊവേമ
11.00 am വിശുദ്ധ കുർബാന, നൊവേന
04.30 pm വിശുദ്ധ കുർബാന, നൊവേന

**വെള്ളിയാഴ്ച**


06.00 am വിശുദ്ധ കുർബാന
07.00 am വിശുദ്ധ കുർബാന
11.00 am വിശുദ്ധ കുർബാന
04.30 pm വിശുദ്ധ കുർബാന

**എല്ലാ ദിവസവും കുമ്പസാരത്തിനും, അടിമസമർപ്പണത്തിനും, ആദ്യാക്ഷരം എഴുത്തിനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**






## സന്താനങ്ങളെ നൽകിയ സ്നേഹപിതാവ്



ആദ്യം വയറ്റിൽ ജനിച്ച കുഞ്ഞ് അബോർഷനായി പോയതിനുശേഷം പിന്നീട് കുഞ്ഞുങ്ങളുണ്ടാകാതെ വന്നതിനെതുടർന്ന് സന്താനഭാഗ്യം ഉണ്ടാകുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥത കുഞ്ഞിന്റെ ഫോട്ടോസഹിതം സാക്ഷ്യപ്പെടുത്താമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**നീതു അബ്രാഹം നെച്ചിക്കുന്നേൽ**
**ഉഴവൂർ**

## വിട്ടുമാറാത്ത രോഗത്തിൽ നിന്നും സൗഖ്യം

പലചികിത്സകൾ ചെയ്തിട്ടും വിട്ടുമാറാതെ ശരീരമാസകലം കുരുക്കൾ വന്നുകൊണ്ടിരുന്നതിനാൽ വളരെയധികം ബുദ്ധിമുട്ടിയിരുന്ന കുട്ടിയ്ക്ക് രോഗസൗഖ്യം ലഭിക്കുന്നതിനായി മാതാപിതാക്കൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ഫോട്ടോ സഹിതം സാക്ഷ്യം നൽകാമെന്ന് വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് നേർച്ച നേരുകയും ചെയ്തതിന്റെ ഫലമായി രോഗത്തിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**എയ്ഡൻ റ്റിജോ പന്തലാട്ട്**
**തലയോലപറമ്പ്**

## കുടുംബങ്ങളുടെ ആശ്രയമാകുന്ന സ്നേഹപിതാവ്

ഗർഭിണിയായ സഹോദരിയുടെ ഓവറിയിൽ ഒരു സിസ്റ്റ് വളരുന്നതായി സ്കാനിംഗിൽ കണ്ടെത്തിയതിനാൽ ഓപ്പറേഷൻ കൂടാതെ ഇത് മാറിക്കിട്ടണമെന്ന നിയോഗത്തോടെ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി പിന്നീട് നടന്ന സ്കാനിംഗിൽ സിസ്റ്റ് മാറിയതായി കണ്ടെത്തി. കൂടാതെ പല കോംപ്ലിക്കേഷനുകൾ ഉണ്ടായിരുന്നിട്ടും വിശുദ്ധ ചാവറപിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥസഹായത്താൽ യാതൊരു പ്രശ്നങ്ങളും കൂടാതെ ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിഞ്ഞതിന് നന്ദി പറയുന്നു.

**അനുമോൾ ഷിജോ മാന്നാനം**

Published by : St. Kuriakose Elias Chavara Pilgrim Centre, Mannanam, Design & Production : Wild Thoughts, Kottayam 0481-2576959